**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3737** **12-03-2025 - ൽ മറുപടിയ്ക്ക്**

**കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായികമേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനായി കായിക വകുപ്പിന് കീഴിൽ പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും നിർമ്മാണത്തിനും പരിപാലനത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന സർക്കാർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ എഞ്ചിനീയറിംഗ് വിഭാഗവും, ഓപ്പറേഷൻ വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ നിർമ്മാണവും, മെയിന്റനൻസും ആണ് ചെയ്തുവരുന്നത്. കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, കിഫ്ബി പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ / പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ യൂണിവേഴ്സിറ്റി കളുടെ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം / നിർമ്മാണം, ഖേലോ ഇന്ത്യ പദ്ധതികൾ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ/ഓപ്പൺ ജിം സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | കായികവകുപ്പിന് കീഴിലുള്ള വിവിധ സ്റ്റേഡിയങ്ങൾ/ ഫിറ്റ്നസ് സെന്ററുകൾ/ സ്വിമ്മിംഗ് പൂളുകൾ/ ഷൂട്ടിംഗ് അക്കാഡമി/ഇൻഡോർ കോർട്ടുകൾ തുടങ്ങിയ ആസ്തികളുടെ നടത്തിപ്പും, പരിപാലനവും ആണ് ഓപ്പറേഷൻ വിഭാഗം മുഖേന ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ